(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) കാലാകാലങ്ങളിൽ മോട്ടോർ വാഹനങ്ങൾ പൊതുനിരത്തുകളിൽ വെച്ചു മിന്നൽ പരിശോധന നടത്തുകയും വീഴ്ച വരുത്തുന്ന വാഹന ഉടമയ്ക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിനും മോട്ടോർ വെഹിക്കിൾസ് വകുപ്പിനും ഇതിനുള്ള അധികാരമുണ്ട്.

കേരള ഷിപ്പിംഗ് കോർപ്പറേഷൻ

593 [852] ശ്രീ. പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഷിപ്പിംഗ് കോർപ്പറേഷന് എത്ര കപ്പലുകൾ ഉണ്ട്;

(ബി) കോർപ്പറേഷൻ പുതുതായി കപ്പൽ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കേരളാ ഷിപ്പിംഗ് കോർപ്പറേഷൻ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(ഡി) ലാഭമോ നഷ്ടമോ എത്ര?

ഉത്തരം

(എ) ഒരു കപ്പൽ.

(ബി) പുതുതായി ഒരു കപ്പൽകൂടി ഉടനെ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) നാളിതുവരെ 82.81 ലക്ഷം രൂപ നഷ്ടമുണ്ടായിട്ടുണ്ട്.

ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിൽ കൂടുതൽ കമ്പയിലർമാരെ നിയമിക്കാൻ നടപടി

594 [853] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിക്കാരുടെ അംഗസംഖ്യ താരതമ്യേന കുറവായ എറണാകുളം ഗവൺമെൻറ് പ്രസ്സിൽ സാങ്കേതിക ജോലിക്കാരുടെ ഔട്ട്ടേൺ ഷീറ്റ്സ് വാല്യൂ ചെയ്യുന്നതിന് പത്തു കമ്പയിലർമാർ ഉള്ളപ്പോൾ കൂടുതൽ സാങ്കേതിക ജോലിക്കാരും ഫൗണ്ടറി മുതലായ പ്രത്യേക സെക്ഷനുകളും ഉള്ള ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിൽ ഇതേ ജോലി ചെയ്യുന്നതിന് 6 കമ്പയിലർമാരെ മാത്രംനിയമിച്ചിട്ടുള്ള വിവേചനത്തിന് കാരണമെന്ത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ കുറവ് പരിഹരിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിൽ ആറു കമ്പ്യൂട്ടറൻമാരുടെ (കമ്പയിലർമാർ അല്ല) ആവശ്യമുള്ളതു എന്ന നിഗമനത്തിലാണ് ഗവൺമെൻറിൽനിന്ന് ആറു തസ്തിക ഉണ്ടാക്കിയത്. ഇതിൽ യാതൊരു വിവേചനവും ഉണ്ടായിരുന്നില്ല.

(ബി) ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിൻെറ ശുപാർശ അനുസരിച്ച് കൂടുതൽ കമ്പ്യൂട്ടർമാരുടെ തസ്തികകൾക്കുവേണ്ടി പ്രസ് സൂപ്രണ്ട് സർക്കാരിലേക്ക് എഴുതുകയും സർക്കാർ നടപടികൾ എടുത്തുവരികയും ചെയ്തു വരുന്നു.

സ്റേഷനറിയും പ്രിൻറിംഗും ഡിപ്പാർട്ടുമെൻറുകൾ

595 [854] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റേഷനറിയും പ്രിൻറിംഗും വിഭാഗത്തിൽ തുല്യജോലി ചെയ്യുന്ന സ്റേഷനറി ഇൻസ്പെക്ടർമാർക്ക് നൽകുന്ന ശമ്പള സ്കെയിലുകൾ രണ്ടു തരത്തിലാകാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ രണ്ടു സ്കെയിലുകളും ഏകീകരിക്കാൻ സർക്കാർ തയ്യാറാവുമോ?

ഉത്തരം

(എ) നിലവിലുള്ള ശമ്പള സ്കെയിലുകൾ ശമ്പള കമ്മീഷൻെറ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഉള്ളതാണ്.

(ബി) ശമ്പള കമ്മീഷൻ ശുപാർശകളിൻമേൽ (ചില പ്രത്യേക കാരണങ്ങൾ ഇല്ലെങ്കിൽ) മാറ്റം വരുത്തുന്നതിന് ഉദ്ദേശമില്ല.

കെ. എസ്. ആർ. ടി. സി. ഓപ്പറേറു ചെയ്യുന്ന ഷെഡ്യൂളുകൾ

596 [855] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ എത്ര റൂട്ടുകളിൽ എത്ര ഷെഡ്യൂൾ വീതം ഓപ്പറേറ് ചെയ്യുന്നുണ്ട്;

(ബി) ഒരു ദിവസം ഒരു പുതിയ ബസ്സ് എന്ന തീരുമാനം അനുസരിച്ച് എത്ര ബസ്സുകൾ ഇറക്കി;

(സി) പുതിയ ബസ്സുകൾ റൂട്ടിൽ ഇറക്കിയതിൻെറ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) പുതിയ ബസ്സുകൾ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തേണ്ടതെന്നു തീരുമാനിക്കുന്നത് ആരാണ്;

LIBRARY ARCHIVES Kerala Legislative Assembly